നായകൻമാരെ പുതു തലമുറയ്ക്ക് പരിചയപ്പെടുത്തുന്നതിന് ഫോട്ടോ അനാച്ഛാദനം ചെയ്യുകയും, അവരെപ്പറ്റിയുള്ള പുസ്തകങ്ങൾ സംരക്ഷിച്ചു വയ്ക്കുകയും പ്രസിദ്ധീകരണങ്ങളിലൂടെ അനുസ്മരിക്കുകയും ചെയ്യുന്നുണ്ട്. കേരള സംഗീത നാടക അക്കാദമി മോണോഗ്രാഫുകൾ പ്രസിദ്ധീകരിച്ചു വരുന്നു. കൂടാതെ ദ്വൈമാസികയായ 'കേളി'യിൽ ഇവരെ പരിചയപ്പെടുത്തുന്ന ലേഖനങ്ങൾ പ്രസിദ്ധീകരിക്കാറുണ്ട്. സംഗീത നാടക അക്കാദമിയുടെ ഗുരുപൂജ, പുരസ്കാര സമർപ്പണ ചടങ്ങുകൾ തുടങ്ങിയവ മൺമറഞ്ഞുപോയ സാംസ്കാരിക നായകരെ പുതിയ തലമുറയ്ക്ക് പരിചയപ്പെടുത്തലാണ്. സാംസ്കാരിക വകുപ്പ് നേരിട്ട് മൺമറഞ്ഞുപോയവരുടെ പേരിൽ പുരസ്കാരങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. മൺമറഞ്ഞ കലാകാരൻമാരെക്കുറിച്ചുള്ള ഫോട്ടോ പ്രദർശനങ്ങൾ, ഡോക്യുമെന്ററികൾ, സിനിമാ പ്രദർശനങ്ങൾ എന്നിവ ചലച്ചിത്ര അക്കാദമിയുടെ നേതൃത്വത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നു.

(സി) കേരള കലാമണ്ഡലം സ്വന്തമായിട്ടും സൗത്ത് സോൺ കൾച്ചറൽ സെൻററിന്റെ സഹകരണത്തോടുകൂടിയും കൂടിയാട്ടം പ്രചരിപ്പിക്കുന്നതിനും നിലനിർത്തുന്നതിനുംവേണ്ടി അനവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കേരള സാഹിത്യ അക്കാദമി കലകളുടെ സംരക്ഷണത്തിനും വികസനത്തിനും സഹായിക്കുന്നവിധം പുസ്തകങ്ങൾ പ്രസിദ്ധീകരിച്ച് പ്രചരിപ്പിക്കുന്നുണ്ട്. അക്കാദമിയുടെ ഗവേഷണ സ്കോളർഷിപ്പ് ഇത്തരം കാര്യങ്ങൾക്കുവേണ്ടിയാണ്. കേരള ഫോക്ലോർ അക്കാദമി അന്യംനിന്നു പോകുന്ന കലകളെ കണ്ടെത്തി ഡോക്യുമെൻറ് ചെയ്ത് സൂക്ഷിക്കുന്നു. ഇത്തരം കലാരൂപങ്ങൾ അഭ്യസിക്കുന്ന വിദ്യാർത്ഥികൾക്ക് നൽകുകയും പ്രഗല്ഭരായ കലാകാരൻമാരെ കണ്ടെത്തി അവർക്ക് അവാർഡുകളും ഫെലോഷിപ്പുകളും നൽകുകയും ചെയ്യുന്നു. കേരള സംഗീത നാടക അക്കാദമി മദ്ധ്യതിരുവിതാംകൂറിൽ പ്രത്യേകിച്ച് കുട്ടനാട്ടിൽ അന്യമായിക്കൊണ്ടിരിക്കുന്ന നാടൻ കലകളേയും പാട്ടു പാരമ്പര്യത്തേയും സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും അവയെ വരും തലമുറയ്ക്ക് പരിചയപ്പെടുത്തുന്നതിനും നടപടി എടുത്തിട്ടുണ്ട്.

(ഡി) പ്രത്യേകമായി ഒരു കേന്ദ്രം ഇല്ലാതെതന്നെ സാംസ്കാരിക പരിപാടികളിൽ എല്ലാ അക്കാദമികളും യോജിച്ചുള്ള പ്രവർത്തനമാണ് ഇപ്പോഴുള്ളത്.

(ഇ) ഇക്കാര്യം പരിഗണനയിലാണ്.

ജനകീയ വിജ്ഞാന നാടൻ കലാകേന്ദ്രത്തിന്റെ പ്രവർത്തനം

125 [2298] ശ്രീ. വി. ഡി. സതീശൻ:
ശ്രീമതി മേഴ്സി രവി:
ശ്രീ. ബി. വിജയകുമാർ:
,, വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്കപട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജനകീയ വിജ്ഞാന നാടൻ കലാകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നടന്നുവരുന്നു;

(ബി) ഈ കേന്ദ്രം സ്ഥാപിച്ചതിന്റെ പിന്നിലുള്ള ഉദ്ദേശ്യങ്ങൾ എന്തെല്ലാമായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംരക്ഷണാർത്ഥം ശേഖരിച്ചിട്ടുള്ള എത്തെല്ലാം സാധനങ്ങൾ ഈ കേന്ദ്രത്തിന് സ്വന്തമായുണ്ട്;

(ഡി) ഇവ ജനങ്ങളെ ആകർഷിക്കത്തക്കവിധത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഇ) നാടൻ കലകളെക്കുറിച്ച് പ്രതിപാദിക്കുന്ന എത്ര ഗ്രന്ഥങ്ങൾ ഈ കേന്ദ്രത്തിലുണ്ട്; ഇവ നഷ്ടപ്പെടാതെ സൂക്ഷിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) സംസ്ഥാന ജനകീയ വിജ്ഞാന നാടൻ കലാകേന്ദ്രം എന്നൊരു സ്ഥാപനം സാംസ്കാരിക കാര്യവകുപ്പിന്റെയോ, പട്ടിക വർഗ്ഗ വികസന വകുപ്പിന്റെയോ കീഴിൽ പ്രവർത്തിക്കുന്നില്ല. എന്നാൽ കോഴിക്കോട് കിർത്താഡ്സിന്റെ ആഭിമുഖ്യത്തിൽ കിർത്താഡ്സ് ആസ്ഥാനത്ത് 'ആദി കലാകേന്ദ്രം' എന്ന സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. അവിടെ കേരളത്തിലെ പട്ടിക വിഭാഗ സമുദായങ്ങളുടെ പരമ്പരാഗതമായ അറിവും, വിജ്ഞാനവും, കലാസാംസ്കാരിക പൈതൃകം, സ്വത്വബോധം തുടങ്ങിയ സാംസ്കാരിക മൂല്യങ്ങളും മറ്റും കാത്തുസൂക്ഷിച്ച് പുതിയ തലമുറയ്ക്ക് അവ പകർന്നു കൊടുക്കുന്നതിനുവേണ്ടിയുള്ള ബഹുമുഖങ്ങളായ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) ആദി കലാകേന്ദ്രം സ്ഥാപിച്ചത് കേരളത്തിലെ പട്ടിക വിഭാഗ സമുദായങ്ങൾ തലമുറകളായി അനുവർത്തിച്ചുവരുന്ന പരമ്പരാഗതമായ അറിവുകളും, വിജ്ഞാനവും, കലാസാംസ്കാരിക മൂല്യങ്ങളും സ്വത്വ ബോധവും പരിരക്ഷിച്ച് വേണ്ടത്ര പ്രചരണം നൽകി പുതിയ തലമുറയ്ക്ക് അവ പകർന്നു കൊടുക്കുകവഴി സാംസ്കാരിക തനിമ നില നിർത്തുക എന്ന ഉദ്ദേശ്യത്തോടെയാണ്.

(സി) പട്ടിക വിഭാഗ സമുദായങ്ങളിൽപ്പെട്ട പതിനഞ്ചോളം (15) സമുദായങ്ങളുടെ അവതരണ കലകളുടെ ഡോക്യുമെന്റേഷൻ ചെയ്തത് ഈ കേന്ദ്രത്തിനാണ് സ്വന്തമായിട്ടുണ്ട്. കൂടാതെ പട്ടിക വിഭാഗ സമുദായങ്ങളെ കുറിച്ച് ഡോക്യുമെന്റേഷൻ നടത്തുവാനാവശ്യമായ പഠനക്കുറിപ്പുകൾ തയ്യാറാക്കിക്കഴിഞ്ഞു. പട്ടിക വിഭാഗ സമുദായങ്ങളിൽപ്പെട്ട കലാകാരൻമാരുടെ ജില്ല തിരിച്ചുള്ള രജിസ്റ്ററും ഈ കേന്ദ്രത്തിൽ തയ്യാറാക്കപ്പെട്ടിട്ടുണ്ട്.

(ഡി) ജനങ്ങളെ ആകർഷിക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ ത്വരിത ഗതിയിൽ നടന്നുവരുന്നു. ഡിജിറ്റൽ ഡോക്യുമെന്റേഷൻ ചെയ്യപ്പെട്ടിട്ടുള്ള കോംപാക്ട് ഡിസ്കുകൾ എപ്പോഴും പ്രദർശനത്തിന് സജ്ജമാക്കി വച്ചിട്ടുണ്ട്.

(ഇ) നാടൻ കല [illegible] ക്കുറിച്ചുള്ള നൂറിലധികം പുസ്തകങ്ങൾ ആദി കലാകേന്ദ്രത്തിൽ സ [illegible] സൂക്ഷിച്ചിട്ടുണ്ട്. ഇവ നഷ്ടപ്പെടാതെ **സൂക്ഷിക്കുവാൻ ഈ കേന്ദ്രത്തിൽ പ്രത്യേക സംവിധാനമുണ്ട്.**

LIBRARY ARCHIVES Kerala Legislative Assembly